(ബി) എങ്കിൽ പ്രസ്തുത സമുദായത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പ്രസ്തുത സമുദായം ജില്ലയിൽ എത്ര ഉണ്ടെന്നും വിദ്യാഭ്യാസ, സാമൂഹ്യനില എന്താണെന്നും വിശദീകരിക്കാമോ ;

(ജി) പ്രസ്തുത സമുദായത്തെ ഒ.ബി.സി.ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്നാവശ്യപ്പെട്ട് പിന്നോക്ക വിഭാഗ കമ്മീഷന് പരാതി ലഭിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. പഠന റിപ്പോർട്ട് പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചു വരികയാണ്.

(ഡി) ലഭിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി) പരാതി ലഭിച്ചിട്ടുണ്ട്.

**കോട്ടയത്തെ നഴ്സിംഗ് കോളേജിലെ സംവരണം**

5 (2555) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയത്തെ നഴ്സിംഗ് കോളേജിൽ ഈ വർഷം എത്ര ശതമാനം സംവരണമാണ് നഴ്സിംഗ് പ്രവേശനത്തിന് നൽകിയത് ;

(ബി) ഇവിടെ പുതിയ ബാച്ചിൽ പട്ടികജാതി വിഭാഗത്തിലെ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) 2000 ജനുവരി ഒന്നിന് നടന്ന ഇന്റർവ്യൂവോടെ പ്രസ്തുത സംവരണ സീറ്റുകൾ നികത്തിയോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോട്ടയം നഴ്സിംഗ് കോളേജിൽ ബി.എസ്.സി. നഴ്സിംഗ് കോഴ്സും, ജനറൽ നഴ്സിംഗ് കോഴ്സും നടത്തുന്നുണ്ട്. ബി.എസ്.സി. നഴ്സിംഗ് കോഴ്സിന്റെ പ്രവേശനം സംബന്ധിച്ച വിവരം പ്രവേശന പരീക്ഷാ കമ്മീഷണറിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്. 6-2-1999 ലെ ജി.ഒ. (ആർ.റ്റി.) 358/99/ആ.കു.വ. പ്രകാരം പട്ടികവർഗ്ഗ ഉപപദ്ധതിയിൽ അനുവദിച്ച തുക വിനിയോഗിച്ച് 20 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ജനറൽ നഴ്സിംഗിന് അഡ്മിഷൻ നൽകാൻ ഉത്തരവായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 2000 ജനുവരി 3ന് നടന്ന ഇന്റർവ്യൂ പ്രകാരം പട്ടിക വർഗ്ഗ വിഭാഗക്കാരായ എല്ലാ അപേക്ഷകർക്കും (നാല്) ജനറൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും അപേക്ഷ ഇല്ലാത്തതിനാൽ 16 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിവുള്ള സീറ്റുകളിൽ പട്ടികജാതിക്കാരായ അപേക്ഷകർക്ക് പ്രവേശനം നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. ബി.എസ്.സി. നഴ്സിംഗ് കോഴ്സിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ആദിവാസി വർഗ്ഗങ്ങളെ സംബന്ധിച്ച സർവ്വേ**

**6 (2556)** ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസി കുടുംബങ്ങൾ പലതും നശിച്ചു കൊണ്ടിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ;

(സി) വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ആദിവാസി കുടുംബങ്ങളുടെ സംരക്ഷണത്തിനും പുരോഗതിക്കുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) കേരളത്തിലെ ആദിവാസി കുടുംബങ്ങളുടെ സർവ്വേ നടത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ഇല്ലെങ്കിൽ സർവ്വേ നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(എച്ച്) വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly